**നടപടി ക്രമം**
**അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി , എൻ .സി സി ഡയറക്ടറേറ്റ്**
**(കേരളവും ലക്ഷദ്വീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം**
**(ഹാജർ : മേജർ ജനറൽ അലോക് ബേരി)**

**എൻ .സി. സി ജീവനക്കാര്യം : കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് – സമാന തസ്തികയിലുള്ള തസ്തിക മാറ്റം – ഭേദഗതി വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നമ്പർ.402/എ6–എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 24 ഫെബ്രുവരി 2023

സൂചന : (1) കോട്ടയം, എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 22.06.2022 –ലെ 5001/2/SE–1/NCC നം കത്ത്.
(2) ഈ ഓഫീസിന്റെ 25.10.2022 ലെ ഇതേ നമ്പർ ഉത്തരവ്.
(3) ഈ ഓഫീസിന്റെ നടപടിക്രമം നം 3513/A2/II–Est/2020/NCC തീയതി 02.11.2022.
(4) ഈ ഓഫീസിന്റെ 10.11.2022 ലെ ഇതേ നമ്പർ ഉത്തരവ്.
(5) 14 കേരള ബറ്റാലിയൻ എൻ.സി.സി, പത്തനംതിട്ട ഓഫീസിന്റെ 18.01.2023 – ലെ 109/Est നം കത്ത്.

**ഉത്തരവ്**

1. പത്തനംതിട്ട 14 കേരള ബറ്റാലിയൻ എൻ.സി.സിയിൽ ലാസ്കർ ഗ്രേഡ്–I തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ മധുമോഹനൻ എൻ.കെ–യ്ക്ക് ലാസ്കർ ഗ്രേഡ്–II ആയിരിക്കെ ഗ്രേഡ്–I സ്ഥാനക്കയറ്റം ലഭിക്കുകയുണ്ടായി. അതേ സമയം, സൂചന (4) പ്രകാരം ടിയാന് ഒ.എ ഗ്രേഡ്–II ആയി തസ്തികമാറ്റം നൽകുകയുണ്ടായി. എന്നാൽ ടിയാന് ലാസ്കർ ഗ്രേഡ്–I ആയി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ടിയാന്റെ നിലവിലെ തസ്തിക ഏതാണെന്ന് സ്പഷ്ടീകരണം നൽകണമെന്ന് സൂചന (5) പ്രകാരം 14 കേരള ബറ്റാലിയൻ എൻ.സി.സി ആവശ്യപ്പെടുകയുണ്ടായി.

2. ഈ വിഷയം വിശദമായി പരിശോധിച്ചു. ലാസ്കർ ഗ്രേഡ്– II തസ്തികയിൽ ജോലിചെയ്ത് വരവെ ടിയാന് സൂചന (3) ഉത്തരവ് പ്രകാരം ലാസ്കർ ഗ്രേഡ്–I ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. അതേ സമയം, സൂചന (1) കത്ത് പ്രകാരം തസ്തികമാറ്റത്തിനായി നൽകിയിരുന്ന അപേക്ഷ പരിഗണിക്കുകയും, അപ്രകാരം ടിയാൻ ലാസ്കർ ഗ്രേഡ്–I സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധിക്കാതെ ടിയാന് ഒ.എ ഗ്രേഡ്–II ആയി തസ്തികമാറ്റം അനുവദിച്ച് സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. സൂചന (4) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് തസ്തികമാറ്റം സംബന്ധിച്ച് താൽക്കാലിക ഉത്തരവ് സൂചന (2) പ്രകാരം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ടി അവസരത്തിൽ ശ്രീ മധുമോഹനൻ, ടിയാന് ലാസ്കർ ഗ്രേഡ് –I ആയി സ്ഥാനക്കയറ്റം ലഭിച്ച വിവരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ല. എന്നിരുന്നാലും, ഒ.എ ഗ്രേഡ്–II വിന്റെ സ്ഥാനക്കയറ്റം ഒ.എ ഗ്രേഡ്–I ആണെന്നിരിക്കെ ശ്രീ മധുമോഹനന് ഒ.എ ഗ്രേഡ്–II ആയി നൽകിയ തസ്തികമാറ്റം **ഒ.എ ഗ്രേഡ്–I** എന്ന് തിരുത്തൽ വരുത്തി ഉത്തരവാകുന്നു.

4. ഈ ഓഫീസിന്റെ 10.11.2022–ലെ ഇതേ നമ്പർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/– **xx x**
**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി**

പകർപ്പ്:

1. എല്ലാ ഓഫീസുകൾക്കും വെബ്സൈറ്റ് മുഖേന
2. A2–II

**അംഗീകാരത്തോടെ**

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

SREEJITH.R
PEN384880
Senior Superintendent
NCCDirectorate(K&L)